# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലപ്പാലം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ:  doktm.ksad@kerala.gov.in

ഫോൺ :  0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെറ്റിഎംപി14/767/2021 തീയതി 30.6.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 30/06/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലപ്പാലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലപ്പാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലപ്പാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെറ്റിഎംപി14/767/2021 തീയതി തീയ്യതി: 30/06/2021
30.6.2021

## കോട്ടയം ജില്ലയിലെ തലപ്പാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലപ്പാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-11-2019 മുതൽ 31-05-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം.എൻ. രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 28-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 28-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ, ഓഡിറ്റ് ഓഫീസർ
ഷാജിമോൻ പി ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ബാബുരാജ് കെ ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഇന്ദിര രാധാകൃഷ്ണൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മഞ്ജുദേവി വി ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| കെ വി സജിമോൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ഡോ.ദിവ്യ | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. പദ്മനാഭൻ ഇ ജി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. സിമി തോമസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ. സ്മിത എൻ എഫ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| അജിത് ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 03-12-2019 |
| സാം ക്രിസ്റ്റി ജോൺ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-12-2019 | 31-03-2020 |
| റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ആരിഫ കെ പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അർജ്ജുൻ മോഹൻ | വില്ലേജ് | 01-04-2019 | 01-07-2019 |

| | | | |
|---|---|---|---|
| എം | എക്സ്റ്റൻഷൻ ഓഫീസർ | | |
| ഫിലിപ്പ് തോമസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 02-07-2019 | 03-03-2020 |
| പദ്മകുമാർ പി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 04-03-2020 | 31-03-2020 |
| ബി.പി.കുമാർ | സെക്രട്ടറി | 01-04-2019 | 01-04-2019 |
| ബി.പി.കുമാർ | സെക്രട്ടറി | 28-04-2019 | 12-05-2019 |
| ബി.പി.കുമാർ | സെക്രട്ടറി | 23-06-2019 | 11-07-2019 |
| തോമസ് റ്റി പുൽത്തകിടി | സെക്രട്ടറി (ഇൻ ചാർജ്) | 02-04-2019 | 27-04-2019 |
| തോമസ് റ്റി പുൽത്തകിടി | സെക്രട്ടറി (ഇൻ ചാർജ്) | 13-05-2019 | 22-06-2019 |
| പി എസ് ഷീജ | സെക്രട്ടറി | 12-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-06-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Krishnapriya.S (Auditor, On 28-06-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 28-06-2021)<br>Last Updated By: K.B.Baburaj (Auditor, On 30-06-2021) | 1-4 |
| 5 | പദ്ധതിഅവലോകനം.<br>Written By: Saji P R (Audit Officer, On 28-06-2021)<br>Last Updated By: K.B.Baburaj (Auditor, On 30-06-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Krishnapriya.S (Auditor, On 25-06-2021)<br>Last Updated By: Krishnapriya.S (Auditor, On 25-06-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-06-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Krishnapriya.S (Auditor, On 23-06-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saji P R (Audit Officer, On 28-06-2021)<br>Last Updated By: Saji P R (Audit Officer, On 28-06-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‌റെ വിവരം<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-06-2021) | 1-10 |
| 11 | കെട്ടിട നിർമ്മാണചട്ടങ്ങൾ -വസ്തുനികുതി ചട്ടങ്ങൾ പാലിച്ചിട്ടില്ല<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Krishnapriya.S (Auditor, On 28-06-2021) | 1-11 |
| 12 | വ്യത്യസ്ത ഉപയോഗങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-12 |
| 13 | കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Krishnapriya.S (Auditor, On 28-06-2021) | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-14 |
| 15 | വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-15 |

| | | |
|---|---|---|
| | Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-06-2021) | |
| 16 | തൊഴിൽ നികുതി, ലൈസൻസ് എന്നിവയിലെ മുൻ നിർദ്ദേശങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Krishnapriya.S (Auditor, On 28-06-2021) | 1-16 |
| 17 | സർക്കാരിലേക്ക് എഫ്ഡിറ്റി ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുക ഓഡിറ്റ് വേളയിൽ അടവാക്കി<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Krishnapriya.S (Auditor, On 28-06-2021) | 1-17 |
| 18 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം-കരാറുകാരന് അധികതുക നൽകി<br>Written By: Krishnapriya.S (Auditor, On 28-06-2021)<br>Last Updated By: Krishnapriya.S (Auditor, On 28-06-2021) | 1-18 |
| 19 | പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച ഗ്രാന്റ് തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: Saji P R (Audit Officer, On 28-06-2021)<br>Last Updated By: Saji P R (Audit Officer, On 28-06-2021) | 1-19 |
| 20 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.<br>Written By: Saji P R (Audit Officer, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-20 |
| 21 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: Saji P R (Audit Officer, On 28-06-2021)<br>Last Updated By: Saji P R (Audit Officer, On 28-06-2021) | 1-21 |
| 22 | മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചു.<br>Written By: Saji P R (Audit Officer, On 28-06-2021)<br>Last Updated By: Saji P R (Audit Officer, On 28-06-2021) | 1-22 |
| 23 | ജലസേചനത്തിന് പമ്പ് സെറ്റ് നൽകൽ- സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യം അനുവദിച്ചു<br>Written By: P B Shajimon (Auditor, On 28-06-2021)<br>Last Updated By: P B Shajimon (Auditor, On 28-06-2021) | 1-23 |
| 24 | തേനീച്ച വളർത്തൽ പ്രോജക്ട് സംബന്ധിച്ച്<br>Written By: P B Shajimon (Auditor, On 28-06-2021)<br>Last Updated By: P B Shajimon (Auditor, On 28-06-2021) | 1-24 |
| 25 | വൃദ്ധർക്ക് കട്ടിൽ വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: P B Shajimon (Auditor, On 28-06-2021)<br>Last Updated By: K.B.Baburaj (Auditor, On 30-06-2021) | 1-25 |
| 26 | സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: P B Shajimon (Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-26 |
| 27 | അപകടകരമായി നിന്ന തടി വെട്ട്- ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച്ട്ടില്ല<br>Written By: P B Shajimon (Auditor, On 28-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 30-06-2021) | 1-27 |
| 28 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല.<br>Written By: P B Shajimon (Auditor, On 28-06-2021)<br>Last Updated By: P B Shajimon (Auditor, On 28-06-2021) | 1-28 |
| 29 | | 1-29 |

| | | |
|---|---|---|
| | ലൈഫ് ഭവനപദ്ധതി ദീർഘകാലമായി പൂർത്തീകരിക്കാത്തത്<br>Written By: P B Shajimon (Auditor, On 28-06-2021)<br>Last Updated By: P B Shajimon (Auditor, On 28-06-2021) | |
| **ഭാഗം 2** | | |
| 1 | Written By: Anju P Natarajan (Computer Assistant, On 30-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | |
| **ഭാഗം 3** | | |
| 1 | സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം-കരാറുകാരന് അധികതുക നൽകി<br>Written By: Anju P Natarajan (Computer Assistant, On 30-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 3-1 |
| 2 | ജലസേചനത്തിന് പമ്പ് സെറ്റ് നൽകൽ- സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യം അനുവദിച്ചു<br>Written By: Anju P Natarajan (Computer Assistant, On 30-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 3-2 |
| 3 | തേനീച്ച വളർത്തൽ പ്രോജക്ട് സംബന്ധിച്ച്<br>Written By: Anju P Natarajan (Computer Assistant, On 30-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-06-2021) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 24-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Saji P R (Audit Officer, On 23-06-2021) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 25-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 29-06-2021) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Saji P R (Audit Officer, On 23-06-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Saji P R (Audit Officer, On 23-06-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Saji P R (Audit Officer, On 23-06-2021) | 4-7 |
| 8 | ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Saji P R (Audit Officer, On 23-06-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 30-06-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ | 4-10 |

| | | |
|---|---|---|
| | വിവരം<br>Written By: Krishnapriya.S (Auditor, On 23-06-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 29-06-2021) | |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 22.02.2019 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 14.02.2020 ലെ 7(1)പ്രകാരം 2019-20 ലെ ബജറ്റ് പുതുക്കി അംഗീകരിക്കുകയുണ്ടായി. ബജറ്റ് പ്രകാരമുള്ള വരവുചെലവ് യഥാർത്ഥ വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 2794975 | 8652675.72 |
| വരവ് | 74424131 | 39175954 |
| ആകെ | 77219106 | 47828629.72 |
| ചെലവ് | 74144931 | 37428930 |
| നീക്കിയിരിപ്പ് | 3074175 | 10399699.72 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന വരവുചെലവ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉള്ളതായി മേൽ പട്ടിക വ്യക്തമാക്കുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ജനറൽ കമ്മിറ്റിയും ഈ വിഷയത്തിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | 25.06.2021 |

വാർഷിക കണക്കുകളുടെ അവലോകനം

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ(എംഎസ്) 152/11/എൽഎസ്ജിഡി യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ബാലൻസ് ഷീറ്റ് ബി-5ഷെഡ്യൂളിൽ 330500201-Secured Loans എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 9499629 രൂ വർഷാരംഭത്തിൽ ലോൺ ഇനത്തിൽ തിരിച്ചടക്കുന്നതിനുള്ള തുകയാണ്. 2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ 735294 രൂ ലോൺ ബാദ്ധ്യത തുകയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

4. ബാലൻസ് ഷീറ്റ് ബി-5ഷെഡ്യൂളിലുള്ള 9499629 രൂപയും ബി-16ഷെഡ്യൂളിലുള്ള 8979629 രൂപയും തമ്മിലുള്ള വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

5. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ വരവിനങ്ങളുടെ (വസ്തുനികുതി, തൊഴിൽനികുതി- ട്രേഡ്സ്, ഡി & ഒ ലൈസൻസ് ഫീസ്) അഡ്വാൻസ് തുകകളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാകുന്നില്ല.

6. ബി-18 ഷെഡ്യൂളിൽ Advance To Implementing Agencies-Depost With Kerala Water Authority എന്ന ശീർഷകത്തിലെ 230605 രൂപയിൽ 220000 രൂ മാത്രമാണ് യഥാർത്ഥത്തിൽമേൽ ശീർഷകത്തിലുള്ളത്. ബാക്കി തുകയായ 10605 രൂ Advance To Implementing Agencies-Depost With Kerala State Electricity Board എന്ന ശീർഷകത്തിലാണ് പ്രതിഫലിക്കേണ്ടത്.

## 1-3 സാമ്പത്തിക വിശകലനം

(എ) സംക്ഷിപ്ത വിവരം

| | തുക(രൂപ) |
|---|---|
| മുന്നിരിപ്പ് | 8652675.72 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 39175954.00 |
| ആകെ | 47828629.72 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37428930.00 |
| നീക്കിയിരിപ്പ് | 10399699.72 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28913 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 770362 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7522000 | 7522000 | 7437193 | 84807 | 98.87 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1657000 | 1657000 | 1026533 | 630467 | 61.95 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 223000 | 223000 | 103468 | 119532 | 46.39 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 3988000 | 3988000 | 2714908 | 1273092 | 68.07 |
| സംരക്ഷണഗ്രാന്റ് | 0 | 3251000 | 3251000 | 2255576 | 995424 | 69.38 |

| | | | | | | |
|---|---|---|---|---|---|---|
| റോഡിതരം | | | | | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 5750418 | 5750418 | 3655299 | 2095119 | 63.56 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2000 | 10616446 | 10618446 | 10616188 | 2258 | 99.97 |
| ബി ഫണ്ട് | 0 | | | | | 100 |
| ജനറൽ പർപ്പസ് ഫണ്ട് | 2621576 | 5942547 | 8564123 | 7000991 | 1563132 | 81.74 |
| ബി ഫണ്ട് | 0 | 9246260 | 9246260 | 9246260 | 0 | 100 |
| ഐ.സി.ഡി.എസ് | 331995 | 459864 | 791859 | 441358 | 350501 | 55,73 |
| സ്വച്ഛ്ഭാരത് മിഷൻ | 1013720 | 299087 | 1312807 | 81700 | 1231107 | 6.23 |
| ശുചിത്വമിഷൻ | 371732 | 130000 | 501732 | 345000 | 156732 | 68.76 |
| ലൈബ്രറി ഗ്രാന്റ് | 0 | 13610 | 13610 | 13610 | 0 | 100 |

കുറിപ്പ്: 1. പ്രോജക്ട് 174/20, 185/20, എന്നിവ പ്രകാരം ലൈഫ് മിഷൻ ഹഡ്കോ വായ്പ തിരിച്ചടവിനുള്ള ചെലവ് 352941 വീതം വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും, പ്രോജക്ട് നം. 175/20, 186/20 എന്നിവ പ്രകാരമുള്ള വായ്പാ തിരിച്ചടവ് 14706 രൂപ വീതം വികസനഫണ്ട് SCP വിഭാഗത്തിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തത് വാർഷിക കണക്കിലും ACR ലും ഉൾപ്പെട്ടിട്ടില്ല.

2. ഗ്രാന്റ് പത്രിക പ്രകാരമുള്ള വിവിധ സ്രോതസ്സുകളിൽ നിന്നുള്ള അലോട്ട്മെന്റും നീക്കിയിരുപ്പും സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ഈ അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതിഅവലോകനം.

2019-20 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുനഃസംഘടിപ്പിച്ച് 07.11.2018 തീയതിയിൽ യോഗം ചേർന്ന് സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 13.11.2018 മുതൽ 19.11.2018 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. 01.12.2018 ൽ വികസനസെമിനാർ നടന്നു. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 02.02.2019 മുതൽ 03.02.2019 വരെ തീയതികളിലും ഊരുകൂട്ടം 15.11.2018 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 05.12.2018 ലെ I(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. 127 പുതിയ പ്രോജക്ടുകളും 40 സ്പിൽ ഓവർ പ്രോജക്ടുകളും ഉൾപ്പടെ 167 പ്രോജക്ടുകൾ ഉൾപ്പെട്ട വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 09.03.2020 ലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിവധ സ്രോതസ്സുകളിൽ നിന്നായി 49382583 രൂപയാണ് പദ്ധതി അടങ്കൽ.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 167 | 49382583 | 117 | 26121728 | 50 | 70 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 589080 | 8 | 520207 |
| | | | | |

| | | | | |
|---|---|---|---|---|
| വെറ്റിനറി സർജൻ | 4 | 1612000 | 4 | 1174500 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 3 | 800000 | 3 | 615193 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 450000 | 1 | 450000 |
| വി.ഇ.ഒ | 22 | 23675021 | 16 | 9342019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 2 | 2086800 | 2 | 1928158 |
| സെക്രട്ടറി | 32 | 4819907 | 25 | 3524089 |
| എച്ച്.എം. ഗവ. എൽ.പി. സ്കൂൾ | 5 | 905722 | 5 | 581924 |
| അസിസ്റ്റന്റ് എൻജിനീയർ | 89 | 14244053 | 52 | 7785638 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 200000 | 1 | 200000 |
| ആകെ | 167 | 49382583 | 117 | 26121728 |

<u>സർക്കാർ ഗ്രാന്റ് തുക 5198441 സഞ്ചിതനിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>

2019-20 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 5198441/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 7522000 | 7437193 | 84807 |
| വികസന ഫണ്ട് (എസ്.സി.പി) | 1657000 | 1026533 | 630467 |
| വികസന ഫണ്ട് (ടി.എസ്.പി) | 223000 | 1026533 | 119532 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3988000 | 2714908 | 1273092 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3251000 | 2255576 | 995424 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5750418 | 3655299 | 2095119 |
| ആകെ | | | 5198441 |

അംഗീകാരം ലഭിച്ച പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 5198441 രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം പദ്ധതി നിർവ്വഹണത്തിലെ കെടുകാര്യസ്ഥത മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 912175 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 912175/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 692175/- രൂപയുടെ പൂർത്തീകരണ വിവരവും, കേരള വാട്ടർ അതോറിട്ടിയിൽ നിക്ഷേപിച്ച 220000/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പംവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു..

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 സാങ്കേതിക അനുമതി ലഭിച്ച 176 പ്രോജക്ടുകളിൽ 132 എണ്ണം തൻവർഷം നടപ്പിലാക്കി. 29631 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. ആകെയുള്ള 103 അയൽക്കൂട്ടങ്ങളിൽ 79 അയൽക്കൂട്ടങ്ങൾ പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, കിണർ നിർമ്മാണം എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 2000 |
| വരവ് | ഇ എഫ് എം എസ് വരവ് | 9834641 | 10616446 |
| | ക്യാഷ് വരവ് (പലിശ ഉൾപ്പെടെ) | 781805 | |
| ചെലവ് | ഇ എഫ് എം എസ് | 9834641 | 10616188 |
| | ക്യാഷ് | 781547 | |
| നീക്കിയിരിപ്പ് | | | 2258 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 32760 | 19 |
| കർഷകതൊഴിലാളി പെൻഷൻ | 772800 | 142 |
| വിധവാപെൻഷൻ | 2104800 | 367 |
| വാർദ്ധക്യകാലപെൻഷൻ | 5273100 | 1959 |
| വികലാംഗപെൻഷൻ | 834200 | 145 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള | 108600 | 18 |

| | | |
|---|---|---|
| അവിവാഹിതർക്കുള്ള പെൻഷൻ | | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120,000 | 4 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.06.2021 തീയതി 3.45 പി എം ന് അക്കൗണ്ടൻറിൻെറ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 27640/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന ആഭ്യന്തരനിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്. കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ പൂർണ്ണമായും മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

2) വസ്തുനികുതി വിവിധ ശീർഷങ്ങളിലുള്ള ഡി.സി.ബി തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് രാജ് നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നില്ല.

4) ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള വിനിമയങ്ങൾ നിരീക്ഷിക്കുന്നതിന് എ.സി.ആർ സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03/2020 | 2019-20 | 24.11.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.12.2018-19.12.2018 | 2006-07 മുതൽ 2017-18 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/I/ 8എ-158/018 തീയതി 21.01.2019 |

## 1-11 കെട്ടിട നിർമ്മാണചട്ടങ്ങൾ -വസ്തുനികുതി ചട്ടങ്ങൾ പാലിച്ചിട്ടില്ല

ശ്രീ.ഹസീബ് മുഹമ്മദ്, പുത്തൻപീടികയിൽ , ശ്രീ.രാജീവ് ജെ, കാട്ടറാത്ത് എന്നിവർക്ക് അവരുടെ പേരിലുള്ള 404.7ച.മീ വീതം വിസ്തീർണ്ണമുള്ള സ്ഥലത്ത് യഥാക്രമം 354.9 ച.മീ, 452.76ച.മീ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള ഇരുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് യഥാക്രമം എ4-308/12തീ.10.2.2012, എ4-308/12തീ.29.1.2012 പ്രകാരം നിർമ്മാണാനുമതി നൽകിയിരുന്നു. തുടർന്ന്, 445.14 തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം മേൽപ്പറഞ്ഞ കെട്ടിടങ്ങൾക്ക് മുകളിൽ മൂന്നാം നിലയായി നിർമ്മിക്കുന്നതിന് രണ്ട് പേരും സംയുക്തമായി 05.10.2018 ൽ 'സങ്കേതം' വഴി അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി എ-5/3496/2018 നമ്പർ ഫയലിൽ കാണുന്നു. എന്നാൽ, നിർമ്മാണാനുമതി നൽകിയതിന്റെ വിവരങ്ങൾ ടി ഫയലിലോ പെർമിറ്റ് രജിസ്റ്ററിലോ ലഭ്യമല്ല. അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ ശ്രീ.രാജീവ് ജെ, കാട്ടറാത്തിന്റെ ഉടമസ്ഥതയിലുള്ള

കെട്ടിടത്തിന്റെ 260ച.മീ.വിസ്തീർണ്ണമുള്ള സെല്ലാർ ആണ് പാർക്കിംഗ് പ്രദേശമായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ, നിലവിൽ ഈ കെട്ടിടത്തിൽ (സെല്ലാർ) പുരയ്ക്കൽ ഹോണ്ടയുടെ സർവ്വീസ് സ്റ്റേഷൻ പ്രവർത്തിയ്ക്കുന്നതായി കാണുന്നു. ആകെ തറവിസ്തീർണ്ണം 1603 ച.മീറ്റർ വരുന്ന ടി കെട്ടിടത്തിന് നിലവിൽ ചട്ട പ്രകാരം പാർക്കിംഗ് സൗകര്യം തീരെയില്ല. ആയതിനാൽ കെട്ടിടനിർമ്മാണ ചട്ടങ്ങളുടെയും വസ്തുനികുതി ചട്ടങ്ങളുടെയും ലംഘനം നടന്നിട്ടുള്ളതായി മനസ്സിലാകുന്നു. നിർമ്മാണാനുമതി നൽകിയതിന്റെ വിവരങ്ങൾ ഫയലിലും പെർമിറ്റ് രജിസ്റ്ററിലും എഴുതി ചേർത്തുകൊള്ളാമെന്നും ചട്ടങ്ങൾക്ക് വിരുദ്ധമായി പാർക്കിംഗ് ഏരിയയിൽ പ്രവർത്തിയ്ക്കുന്ന സർവ്വീസ് സ്റ്റേഷന് നിയമാനുസൃതമുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് എന്നും മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണക്കുറിപ്പിന് (നം.12/ തീ.26.06.2021) മറുപടി ലഭ്യമായിട്ടുണ്ട്.

എ-5/706/2021 നമ്പർ ഫയൽ പരിശോധിച്ചതിൽ കെട്ടിടം ശ്രീ.അൻവർ പി.എം,പാലയ്ക്കപ്പള്ളി, ശ്രീ. നിസ്സാർ റഹിം, പെട്ടിയ്ക്കൽ , ശ്രീ.രാജീവ് ജെ,കാട്ടറാത്ത്, ശ്രീ. ജസ്സിം ലത്തീഫ്,ചെമ്പകപ്പള്ളിൽ എന്നിവർക്ക് വിൽക്കുകയും മുറികളുടെ ഉടമസ്ഥാവകാശം അവരുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്തിട്ടുള്ളതായും കാണുന്നു. കെട്ടിടത്തിന്റെ ഒന്നാം നിലയിലെ വാണിജ്യാവശ്യത്തിനുള്ള മുറികളായി നികുതി നിർണ്ണയിച്ചിരുന്ന മുറികൾ പാർപ്പിട ഗണത്തിലേയ്ക്ക് മാറ്റുകയും രണ്ടാം നിലയിലുള്ള മുറികൾക്ക് നമ്പർ നൽകി ഒക്യുപൻസി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

നിലവിൽ സർവ്വീസ് സ്റ്റേഷൻ പ്രവർത്തിയ്ക്കുന്ന സെല്ലാർ ഭാഗത്തിന് നികുതി നിർണ്ണയിച്ചിട്ടില്ല. സെല്ലാർ ഭാഗത്ത് പാർക്കിംഗിനുള്ള ഏരിയ ആയതിനാൽ ടി നിർമ്മാണം ക്രമവത്കരിയ്ക്കുന്നതിന് വ്യവസ്ഥയില്ല എന്നതുകൊണ്ട് സർവ്വീസ് സ്റ്റേഷൻ പ്രവർത്തിയ്ക്കുന്ന ഭാഗം അനധികൃത നിർമ്മാണത്തിന്റെ പരിധിലാണ് ഉൾപ്പെടുത്തേണ്ടത്. 2011 ലെ കേരള പഞ്ചായത്ത് രാജ്( വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(3) നിഷ്കർഷിക്കുന്നതനുസരിച്ച് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235എഎയിലെ ഒന്നാം ഉപവകുപ്പ് പ്രകാരം നികുതി നിർണ്ണയിച്ച് ടി സ്ഥാപനം പ്രവർത്തിയ്ക്കാൻ തുടങ്ങിയ നാൾ മുതലുള്ള വസ്തുനികുതി കുടിശിക സഹിതം ഈടാക്കേണ്ടതാണ്. കൂടാതെ, കെട്ടിടത്തിന് നിയമാനുസൃതം വേണ്ട പാർക്കിംഗ് സൗകര്യം ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-12 വ്യത്യസ്ത.ഉപയോഗങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. തലപ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ വ്യത്യസ്ത ഉപയോഗങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി കാണുന്നു. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം | സഞ്ചയ സോഫ്റ്റ് വെയറിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | VII/448 A | സജി പി പി പുളിയള്ളുങ്കൽ | വാഹന വർക്ക് ഷോപ്പ് നിരക്ക് : Rs.50 | സ്റ്റോറേജ് ഷെഡ് നിരക്ക് : Rs.15 |

ഇപ്രകാരം വിവിധ ആവശ്യങ്ങൾക്കായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം മറ്റ് ആവശ്യത്തിനായി കെട്ടിടം ഉപയോഗിക്കുന്നത് പഞ്ചായത്തിന് നികുതി ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാക്കുന്നു. ലൈസൻസ് അപേക്ഷകൾ സമർപ്പിക്കുമ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച പരിശോധന കൃത്യമാക്കേണ്ടതാണ്. ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം.സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നത് എങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല. പ്രത്യേകിച്ച്, ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്കും നമ്പർ നൽകി നികുതി നിർണ്ണയിച്ച് നൽകുന്ന സംഗതികളിൽ തുടർ നിരീക്ഷണം അനുപേക്ഷണീയമാണ്.

കെട്ടിട നിർമ്മാണ അപേക്ഷയുടെ ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ് നൽകൽ, നിർമ്മാണ പൂർത്തീകരണം, ഒക്യുപ്പൻസി, നികുതിനിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ നിലവിൽ പെർമിറ്റിനും നമ്പറിംഗിനും വെവ്വേറെ ഫയലുകളാണ് പരിപാലിക്കുന്നത്. അനധികൃത കെട്ടിടനിർമ്മാണം, നികുതി ചോർച്ച എന്നിവ ഒരു പരിധി വരെ ഒഴിവാക്കുന്നതിന് മേൽപ്പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി രജിസ്റ്ററും ഫയലുകളും പരിപാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. തലപ്പലം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 2 ബി എസ് എൻ എൽ മൊബൈൽ ടവറുകളുടെ 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വാർഷിക വസ്തു നികുതി | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | IV/27 | ബി എസ് എൻ എൽ ടവർ | 22487 | 44974 |
| 2 | VIII/19 | ബി എസ് എൻ എൽ ടവർ | 12506 | 25012 |

മേൽ മൊബൈൽ ടവറുകളുടെ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/24.06.2021) ഡിമാന്റ് നോട്ടീസ് നൽകിയിട്ടും നികുതി അടവാക്കാത്തതിനാൽ കുടിശ്ശിക നികുതി ഈടാക്കുന്നതിന് ഈരാറ്റുപേട്ട മുൻസിഫ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേസ് തീർപ്പാകുന്ന മുറയ്ക്ക് വസ്തു നികുതി കുടിശ്ശിക ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ചേർക്കേണ്ടതാണ്.

## 1-15 വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ തലപ്പലം ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2019-20 സാമ്പത്തിക വർഷം തലപ്പലം ഗ്രാമപഞ്ചായത്തിൽ 215 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2019-20 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഇനം | എണ്ണം |
|---|---|
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 733 |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീ.ൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ | 221 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ. വരെ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 0 |
| വാണിജ്യാവശ്യത്തിനുള്ള 200 ച.മീ.ൽ കൂടുതൽ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിങ്ങ് കോംപ്ലക്സ് | 0 |
| വാണിജ്യാവശ്യത്തിനുള്ള പെട്ടിക്കടകൾ, ബങ്കുകൾ | 4 |
| ഓഫീസ് ആവശ്യം | 32 |
| വ്യവസായാവശ്യത്തിനുള്ള - കൈത്തറിഷെഡ്, കയർപിരിഷെഡ് | 134 |
| ഇതരവ്യവസായാവശ്യത്തിനുള്ളവ | 27 |
| ആകെ എണ്ണം | 1151 |

സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ 1151 കെട്ടിടങ്ങളെ വാണിജ്യ-വ്യവസായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും 215 സ്ഥാപനങ്ങൾക്ക് മാത്രമേ പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുള്ളൂ. ഇതിൽനിന്നും നിരവധി വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നുണ്ടെന്ന് വ്യക്തമാണ്. ലൈസൻസ് നടപടികൾ ക്രമീകരിക്കാത്തത് മൂലവും ചട്ടലംഘനംമൂലവും ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വരുമാനനഷ്ടവും സംഭവിക്കുന്നു. കൂടാതെ ലൈസൻസിനുള്ള അപേക്ഷകളിൽ സെക്രട്ടറി അംഗീകരിച്ച് ഒപ്പ് വയ്ക്കുന്നതായി കാണുന്നില്ല. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് അടിസ്ഥാനമാക്കി തയ്യാറാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി, ലൈസൻസ് എന്നിവയിലെ മുൻ നിർദ്ദേശങ്ങളിൽ നടപടികൾ

സ്വീകരിച്ചിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1)എ(ii) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളും തൊഴിൽകരം അടയ്ക്കാൻ ബാദ്ധ്യസ്ഥനായതിനാൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി, 1996 ലെ കേരളപഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ലൈസൻസ് ഫീസ് എന്നിവ റേഷൻ കടകൾ, കള്ളുഷാപ്പുകൾ എന്നിവയിൽ നിന്നും ഈടാക്കുന്നതിനും 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശം നൽകിയിരുന്നുവെങ്കിലും തുടർ വർഷങ്ങളിലും മേൽ നികുതികൾ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടവും സംഭവിക്കുന്നു. നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതും ലൈസൻസോടെ മാത്രം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-17 സർക്കാരിലേക്ക് എഫ്ഡിറ്റി ഇനത്തിൽ അടവാക്കേണ്ടിയിരുന്ന തുക ഓഡിറ്റ് വേളയിൽ അടവാക്കി

തലപ്പലം ഗ്രാമപഞ്ചായത്തിൽ VI-ാം വാർഡിൽ ഓലായം കോളനിക്ക് സമീപമുള്ള ആഞ്ഞിലി മരം 22.08.2019 ലും XIII-ാം വാർഡിൽ എറകുത്തിഭാഗത്തുള്ള ആഞ്ഞിലി മരം, ഓഫീസ് കോമ്പൗണ്ടിൽ മുറിച്ചിട്ടിരുന്ന തേക്ക് കഷണങ്ങൾ എന്നിവ 12.11.2019 ലും ലേലം നടത്തിയിരുന്നു. മേൽ ലേലതുകകളും അവയുടെ 18% ജി എസ് റ്റി യും ചേർന്നുള്ള തുകയുടെ 5.25% തുക എഫ് ഡി റ്റി ഇനത്തിൽ ലേലം പിടിച്ച ആളിൽ നിന്നും ഈടാക്കി സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെൻറിലേക്ക് അടവാക്കിയിരുന്നില്ല

| ക്രമ നം. | ഇനം | ലേല തുക | ജിഎസ് റ്റി | എഫ്ഡിറ്റി |
|---|---|---|---|---|
| 1 | VI-ാം വാർഡിലെ ആഞ്ഞിലി മരം | 33000 | 5940 | 2044 |
| 2 | XIII-ാം വാർഡിലെ ആഞ്ഞിലി മരം | 46600 | 8388 | 2887 |
| 3 | ഓഫീസ് കോമ്പൗണ്ടിൽ മുറിച്ചിട്ടിരുന്ന തേക്ക് കഷണങ്ങൾ | 31000 | 5580 | 1921 |
| | ആകെ | | | 6852 |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (6/23.06.2021) നൽകുകയും മേൽ തുക ഓഡിറ്റ് വേളയിൽ സർക്കാരിലേക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്.

## 1-18 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം-കരാറുകാരന് അധികതുക നൽകി

പ്രോജക്റ്റ് നം : 80/2019-20

നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്.പ്ലാശനാൽ

ഫണ്ടിനം : വികസനഫണ്ട് (പൊതുവിഭാഗം)

പദ്ധതി ചെലവ് : ₹3,60,000/- (ബിൽ നം.1/19-20:₹75140/-തീ.26.8.2019; ബിൽ നം.2/19- 20: ₹44200/-തീ. 04.09.2019; ബിൽ നം.3/19-20: ₹44200/- തീ.9.10.2019; ബിൽ നം.4/19-20: ₹66300/-തീ.12.11.2019; ബിൽ നം.5/19-20: ₹53040/-തീ. 13.12.2019; ബിൽ നം.6/19- 20: ₹48620/-തീ. 14.1.2020; ബിൽ നം.7/19-20: ₹28500/- തീ. 27.1.2020)

ഗ്രാമ പഞ്ചായത്തിലെ നാല് ഗവ.എൽ.പി.സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (₹13/-) രേഖപ്പെടുത്തിയ ശ്രീ.ജോമോൻ ജോർജ്, മഠത്തിശ്ശേരിൽ, കളത്തുക്കടവ് എന്നയാൾക്കാണ് പ്രഭാതഭക്ഷണം വിതരണം ചെയ്യുന്നതിന് കരാർ നൽകിയിരുന്നത്. 2019 ജൂലൈ മാസത്തിൽ 17 ദിവസം ഗ്രാമ പഞ്ചായത്തിലെ നാല് ഗവ.സ്കൂളുകളിലായി 340 കുട്ടികൾക്ക് പ്രഭാതഭക്ഷണം വിതരണം ചെയ്ത വകയിൽ ബിൽ നം.01 പ്രകാരം കരാറുകാരന് ₹ 75140/- നൽകിയിട്ടുണ്ട്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ, വിവിധ സ്കൂൾ ഹെഡ് മാസ്റ്റർ/ ഹെഡ് മിസ്ട്രസ്സ് മാരുടെ റിപ്പോർട്ട് പ്രകാരം 14 ദിവസങ്ങളിൽ മാത്രമാണ് ക്ലാസ്സുകൾ ഉണ്ടായിരുന്നതായും പ്രഭാത ഭക്ഷണം വിതരണം ചെയ്തിട്ടുള്ളതായും കാണുന്നത്. കരാറുകാരന് 3 ദിവസത്തെ പ്രഭാത ഭക്ഷണത്തിന് ₹ 13260/-അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.1/തീ. 23.06.2021) ന് മറുപടി ലഭ്യമായിട്ടില്ല. അധികമായി ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 1-19 പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച ഗ്രാന്റ് തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം, കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്നും പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച ഗ്രാന്റ് തുകകളിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകകൾ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗ്രാന്റ് തുക | ലഭിച്ച വർഷം | ഉദ്ദേശ്യം | നാളിതുവരെയുള്ള വിനിയോഗം | 31.3.2020 ൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| 461124 | 2014-15 | വനിത ഉൾപ്പന്ന വിപണന കേന്ദ്രം | 380969 | 80155 |
| 100000 | 2012-13 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 29200 | 70800 |

പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച ഗ്രാന്റ് തുകകളിൽ വിനിയോഗിക്കാൻ അവശേഷിക്കുന്ന തുകകൾ സർക്കാരിലേക്ക് തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.

തലപ്പലം ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തിയിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ | പ്രോജക്റ്റ് നം/ | കരാറുകാരൻ | സെലക്ഷൻ | കരാറിലേർപ്പെട്ട | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|---|---|---|

| നം. | പേര് | | നോട്ടീസ് തീയതി | തീയതി | | പിഴ |
|---|---|---|---|---|---|---|
| 1 | 37/20<br>കരിയിലക്കാനം - രണ്ടാറ്റിമുക്ക് റോഡ് കോൺക്രീറ്റിംഗ് (വാർഡ് 5 ) | ശ്രീ മാനുവൽ ബന്നി, കളപ്പുരയിൽ, ഇരുമാപ്രമറ്റം | 1.10.19 | 23.10.19 | 248999 | 2490 |
| 2 | 41/20<br>മൂലേച്ചാലിൽ കടവ് റോഡ് കോൺക്രീറ്റിംഗ് | ശ്രീ മാനുവൽ ബന്നി, കളപ്പുരയിൽ, ഇരുമാപ്രമറ്റം | 30.9.19 | 22.10.19 | 299584 | 2996 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ക്രമ നം 2 ൽ മരാമത്ത് ബില്ലിൽ നിന്നും 1662 രൂപ ഫൈൻ ഈടാക്കി തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 11 ന് മറുപടി ലഭ്യമാക്കിയതിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണ് എന്ന് അറിയിച്ചു. നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരൻ ശ്രീ മാനുവൽ ബന്നി, കളപ്പുരയിൽ, ഇരുമാപ്രമറ്റം എന്ന വ്യക്തിയിൽ നിന്നും നിന്നും 3824 രൂപ {2490+ (2996-1662)}പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ ബില്ലിൽ നിന്നും കാലിബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ ഗ്രാമ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തിട്ടില്ല.

കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്.

| ക്രമ നം | പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | 139/20<br>പേരുപ്പാറ-കാളകെട്ടി റോഡ് മെയിന്റനൻസ്.<br>കരാറുകാരൻ- ജോബിൻ ജോസ്, പുളിയ്ക്കകുന്നേൽ, കൈപ്പള്ളി പി.ഒ. | 9 | വില 2142/-<br>ജി.എസ്.ടി 18%- 386/- |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 13) മറുപടി ലഭ്യമാക്കിയതിൽ 2142/- രൂപ ബാരൽവിലയും 386/- രൂപ ജി.എസ്.ടി യും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചു. ബാരൽവിലയും ജി.എസ്.ടി യും ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചു.

പ്രോജക്ട് നം. 151/20

ഈറ്റക്കാട് അംഗൻവാടി മെയിന്റനൻസ്- വാർഡ്- 13

അടങ്കൽ- 200000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ മേൽ പ്രവൃത്തി ഗുണഭോക്തൃസമിതി വഴിയാണ് നിർവ്വഹിച്ചത് . (കൺവീനർ ശ്രീ ജിമ്മി ജോർജ് വാഴാംപ്ലാക്കൽ, നരിയങ്ങാനം ). എന്നാൽ 13-ാം പദ്ധതി മാർഗ്ഗരേഖ, GO (MS)/11/2018/ LSGD/ Dt. 29.01.18 ) ഖണ്ഡിക 11.2.3(എ) പ്രകാരം 50000 രൂപയും അതിനു താഴെയും എസ്റ്റിമേറ്റുള്ള പ്രവൃത്തികൾ മാത്രമാണ് ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നത്. പദ്ധതി മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവ്വഹിച്ചത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന് അസിസ്റ്റന്റ് എൻജിനീയർ മറുപടി ലഭ്യമാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ പഞ്ചയത്ത് ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-23 ജലസേചനത്തിന് പമ്പ് സെറ്റ് നൽകൽ- സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യം അനുവദിച്ചു

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 41875/രൂപ പിൻവലിച്ച് 6 ഗുണഭോക്താക്കൾക്കായി ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. . പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | 34/20 |
|---|---|
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം |
| ബിൽ നമ്പർ തീയതി | 2/19-20/ 16.12.19/ 26254/രൂപ |
| | 99/19-20/ 4.12.19/ 15621/രൂപ |

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ. തീയതി 14.02.18 പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് പുതിയ ജലസേചന പമ്പ് സെറ്റ് അക്സസറീസ് ഉൾപ്പടെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 50% പരമാവധി 10000/ രൂപ വരെ സബ്സിഡി നൽകാവുന്നതാണ്. സബ്സിഡി മാർഗരേഖ ഖ- 2-12 പ്രകാരം നാമമാത്ര കർഷകർ ഒരു ഹെക്ടർ ( രണ്ടര ഏക്കർ) ഭൂമി /നിലം ഉള്ളവരും, ചെറുകിട കർഷകർ രണ്ട് ഹെക്ടർ ( അഞ്ച് ഏക്കർ) ഭൂമി /നിലം ഉള്ളവരും എന്ന് നിർവചിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചെറുകിട നാമ മാത്ര കർഷകരുടെ പരിധിയിൽ വരാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1) ജോസഫ് മാത്യു, വാഴാംപ്ലാക്കൽ എന്നയാൾ സബ്സിഡി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ 5.5 ഏക്കർ സ്ഥലം കൈവശമുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടിയാൾക്ക് സബ്സിഡി ഇനത്തിൽ 9369/ രൂപ നൽകിയിട്ടുണ്ട്.

2) ഫിലിപ്പ് കെ.എം, ചേറ്റുകുളം എന്നയാൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള കരംകെട്ടിയ രസീത് പ്രകാരം 2 ഹെക്ടർ 24 ആർ സ്ഥലംസ്വന്തമായിട്ടുണ്ട്. ടിയാൾക്ക് സബ്സിഡി ഇനത്തിൽ 5084/ രൂപ നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ള പരിധിയിൽ വരാത്തഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/23.06.21 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നും ആനുകൂല്യമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നൽകിയ14453/ (9369+ 5084) രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-24 തേനീച്ച വളർത്തൽ പ്രോജക്ട് സംബന്ധിച്ച്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 30000/രൂപയും ഗുണഭോക്തൃ വിഹിതം 20000/രൂപയും ഉൾപ്പടെ ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ഒരുസെറ്റ് തേനീച്ചയും, കൂടും അനുബന്ധ സാധനങ്ങളും ഉൾപ്പെടുന്ന യൂണിറ്റിന് 2000/രൂപയാണ് വില. ഇതിൽ 1200/രൂപ വികസനഫണ്ടും, 800/രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 33/20 |
| ഫണ്ടിനം/ | വികസനഫണ്ട് പൊതുവിഭാഗം 30000/രൂപ |
| | ഗുണഭോക്തൃ വിഹിതം20000/ |
| ബിൽ നമ്പർ തീയതി | 4/19-20/ 27.02.20 |

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ. തീയതി 14.02.18 പ്രകാരം കാർഷിക മേഖലയിൽ സബ്സിഡി നൽകാവുന്നത് ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമാണ്. സബ്സിഡി മാർഗരേഖ ഖ- 2-12 പ്രകാരം നാമമാത്ര കർഷകർ ഒരു ഹെക്ടർ ( രണ്ടര ഏക്കർ) ഭൂമി /നിലം ഉള്ളവരും, ചെറുകിട കർഷകർ രണ്ട് ഹെക്ടർ ( അഞ്ച് ഏക്കർ) ഭൂമി /നിലം ഉള്ളവരും എന്ന് നിർവചിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചെറുകിട നാമ മാത്ര കർഷകരുടെ പരിധിയിൽ വരാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു.. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ജോസഫ് മാത്യു, വാഴാംപ്ലാക്കൽ എന്നയാൾ സബ്സിഡി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ 5.5 ഏക്കർ സ്ഥലം കൈവശമുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടിയാൾക്ക് ഒരുസെറ്റ് തേനീച്ചയും, കൂടും അനുബന്ധ സാധനങ്ങളും നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 1200/ രൂപ നൽകിയിട്ടുണ്ട്.സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ള പരിധിയിൽ വരാത്തഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/23.06.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നും തുക തിരികെ ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നൽകിയ 1200/ രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-25 വൃദ്ധർക്ക് കട്ടിൽ വിതരണം- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

വി.ഇ.ഒ. നിർവ്വഹണം നടത്തിയ പ്രോജക്ട് പ്രകാരം എസ്.സി, എസ്.ടി, ജനറൽ എന്നീ വിഭാഗങ്ങൾക്കായി വെവ്വേറെ പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ഒറ്റ ടെണ്ടർ പ്രകാരം കട്ടിലുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| വിഭാഗം | പ്രോജക്ട് നമ്പർ | ചെലവ്തുക | ഫണ്ടിനം | ബിൽനം, തീയതി |
|---|---|---|---|---|
| ജനറൽ | 101/20 | 111972രൂപ | വികസന ഫണ്ട് | 10/31.3.20/ 39990<br>11/31.3.20/39990<br>12/31.3.20/31992 |
| എസ്.സി | 102/20 | 47988 | എസ്.സി.പി | 14/31.3.20/47988 |

| | | | | |
|---|---|---|---|---|
| | | രൂപ | | |
| എസ്.ടി | 103/20 | 15996 രൂപ | ടി.എസ്.പി | 13/31.3.20/15996 |

പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൻ പ്രകാരം നാല് സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിച്ചു. വിവിധ സ്ഥാപനങ്ങൾ വിവിധ തടികളിലുള്ള കട്ടിലുകളുടെ വിവിധ ഇനങ്ങൾക്ക് നിരക്കുകൾ ക്വോട്ട് ചെയ്തതിനാൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, നിർവ്വഹണ ഉദ്യോഗസ്ഥനം മറ്റ് അംഗങ്ങളേയും ഉൾപ്പെടുത്തി ഒരു സബ് കമ്മറ്റി രൂപികരിക്കുകയും, സബ്കമ്മറ്റി വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ച് കട്ടിലുകളുടെ ഗുണ നിലവാരം പരിശോധിച്ചശേഷം ടെൻഡർ അംഗീകരിക്കാം എന്ന് തീരുമാനിച്ചു (15.12.19 ലെ 01/06 നമ്പർ തീരുമാനം). സബ് കമ്മറ്റി സ്ഥാപനങ്ങൾ പരിശോധിച്ചതിൽ ഡെക്കോർ ഇറ്റാലിയൻ ഫർണിച്ചർ ഈരാറ്റുപേട്ട എന്ന സ്ഥാപനം ക്വോട്ട് ചെയ്ത 3999/രൂപയുടെ മഹാഗണി തടിയിൽ നിർമ്മിച്ചകട്ടിലാണ് ഗുണ നിലവാരം ഏറ്റവും മെച്ചപ്പെട്ടത് എന്ന് റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 22.01.20 ലെ 1/6 നമ്പർ തീരുമാനപ്രകാരം പ്രസ്തുത കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിന് അംഗീകാരം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുവിഭാഗത്തിന് 28 കട്ടിലും, എസ്.സി. വിഭാഗത്തിന് 12കട്ടിലും, എസ്.ടി.. വിഭാഗത്തിന് 4കട്ടിലും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ടെൻഡർ ഫോറം പരിശോധിച്ചതിൽ സ്ഥാപനം ക്വോട്ട് ചെയ്ത 3999/രൂപയുടെ മഹാഗണി തടിയിൽ നിർമ്മിച്ചകട്ടിലിന് 10 വർഷത്ത് ഗ്യാരന്റി ഓഫർ ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ ഫയലിൽ പ്രസ്തുത ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കൾക്ക് സ്ഥാപനം ടെൻഡറിലൂടെ ഓഫർചെയ്ത 10 വർഷത്ത് ഗ്യാരന്റി ലഭിക്കുന്നതിനുള്ള രേഖകൾ സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 4/24.06.2021) നല്കി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ കട്ടിൽ വിതരണത്തിനുള്ള കരാറിൽ കട്ടിലുകൾക്ക് 10 വർഷം വാറണ്ടി ഉണ്ടായിരിക്കണം എന്ന് വ്യവസ്ഥകൂടി ഉൾപ്പെടുത്തി സ്ഥാപന ഉടമ കരാർ ചമയ്ക്കുന്നതിനായി 20.03.2020 ൽ വാങ്ങി നൽകിയിട്ടുള്ള മുദ്രപ്പത്രത്തിൽ കരാർ എഴുതി പൂർത്തിയാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സ്ഥാപന ഉടമ സമർപ്പിച്ച ടെണ്ടറിൽ മഹാഗണി തടിയിൽ നിർമ്മിച്ച ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലുകൾക്ക് ഗ്യാരന്റി പീരിയഡിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത വില ക്വോട്ട് ചെയ്തിട്ടുണ്ട്. ഒരേ സ്പെസിഫിക്കേഷനുള്ള കട്ടിലിന് 3 വർഷം ഗ്യാരന്റിയുള്ളതിന് 3199/ രൂപയും 5. വർഷം ഗ്യാരന്റിയുള്ളതിന് 3399/ രൂപയും, 8. വർഷം ഗ്യാരന്റിയുള്ളതിന് 3699/ രൂപയും 10 വർഷം ഗ്യാരന്റിയുള്ളതിന് 3999/ രൂപയുമാണ് ക്വോട്ട് ചെയ്തിരിക്കുന്നത്. ഇതിൽ നിന്നും ഗ്യാരന്റി കാലാവധി കൂടുതൽ ലഭ്യമാക്കുന്നതിനാണ് കൂടുതൽ തുകയ്ക്ക് കട്ടിൽ വാങ്ങിയത് എന്ന് വ്യക്തമാണ്. എന്നിട്ടും ഗുണഭോക്താക്കൾക്ക് ഗ്യാരണ്ടിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. 3 വർഷം ഗ്യാരന്റിയുള്ള കട്ടിലിനും 10 വർഷം ഗ്യാരന്റിയുള്ള കട്ടിലിനും കട്ടിൽ ഒന്നിന് 800/ (3199-3999) രൂപയുടെ വില വ്യത്യാസം ഉണ്ട്. വിവിധ വിഭാഗങ്ങൾക്കായി വിതരണം ചെയ്ത44 കട്ടിലുകൾക്കും 10 വർഷം ഗ്യാരന്റി ലഭിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനായി സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് വാങ്ങി ഓരോ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യേണ്ടതും വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. 175956/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 സ്ട്രീറ്റ് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും- പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചതിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുത്തു. ഇതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വിനോദ്.ടി.കെ, തടത്തിൽ എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. 17W -ന്റെ 430 ബൾബുകൾ ഫിറ്റിംഗ്സ് , ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പടെ ലഭ്യമാക്കുന്നതിന് സപ്ളൈ ഓർഡർ നൽകിയിട്ടുണ്ട്. ഇതിനായി ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും ബിൽ നമ്പർ30/19-20/16.03.20 പ്രകാരം 301000/ രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

430 ബൾബുകൾക്ക് തുക ഒടുക്കിയിട്ടുണ്ട് എങ്കിലും സ്ഥാപനം ഹാജരാക്കിയ ലിസ്റ്റ് പ്രകാരം 428 ബൾബുകളേ സ്ഥാപിച്ചിട്ടുള്ളൂ. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വാർഡ് അടിസ്ഥാനത്തിൽ സ്ഥാപനം സമർപ്പിച്ച ലിസ്റ്റും, (ആകെ എണ്ണം428 ) അതാത് വാർഡ് മെമ്പർമാർ നൽകിയിട്ടുള്ള ലിസ്റ്റിലെ(ആകെ എണ്ണം 425) എണ്ണവും പല വാർഡുകളിലെയും വ്യത്യാസമുള്ളതായി കാണുന്നു. ബൾബുകൾ സ്ഥാപിച്ച പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന ബൾബുകളും അവയുടെ ഫിറ്റിംഗ്സുകളും പുതിയവ സ്ഥാപിച്ചപ്പോൾ പഞ്ചായത്തിൽ ഏൽപ്പിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/24.06.21ന് ലഭ്യമാക്കിയ മറുപടിയിൽ രണ്ട് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട റോഡിലെ വൈദ്യുതി ലൈൻ വലിക്കൽ പ്രസ്തുത ലൈൻ വലിക്കുന്ന സമയത്ത് പൂർത്തിയാകാത്തതിനാൽ രണ്ട് സ്ട്രീറ്റ് ലൈറ്റുകൾ പിന്നീടാണ് സ്ഥാപിച്ചത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ച ലിസ്റ്റും, അതാത് വാർഡ് മെമ്പർമാർ നൽകിയിട്ടുള്ള ലിസ്റ്റും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പർ, ലൊക്കേഷൻ, സ്ഥാപിച്ചിട്ടുള്ള ബൾബുകളുടെ വിവരം, ബൾബുകൾ സ്ഥാപിച്ചതിന്റെ വിവരം മുതലായ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചപ്പോൾ ഇലക്ട്രിക് പോസ്റ്റുകളിൽ നിലവിലുണ്ടായിരുന്ന ഫിറ്റിംഗ്സുകൾ അഴിച്ചെടുത്തിട്ടില്ലാത്തതും ആയവ അതാത് ഇലക്ട്രിക് പോസ്റ്റുകളിൽ തന്നെ നിലവിലുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണം നടത്തുമ്പോൾ അതാത് ഇലക്ട്രിക് പോസ്റ്റുകളിൽ നിലവിലുള്ള ലൈറ്റും, ഫിറ്റിംഗ്സുകളും അഴിച്ചെടുത്ത് പുതിയവ സ്ഥാപിക്കുകയായിരുന്നു വേണ്ടിയിരുന്നത്. അഴിച്ചെടുക്കുന്ന ഫിറ്റിംഗ്സുകൾ കരാറുകാരൻ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യേണ്ടതും ആയത് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയും ചെയ്യേണ്ടിയിരുന്നു. . ഇപ്രകാരം ചെയ്യാതിരുന്നതിനാൽ ലേല ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക പഞ്ചായത്തിന് ലഭിച്ചില്ല എന്നുമാത്രമല്ല ഇലക്ട്രിസിറ്റി വകുപ്പ് ആവശ്യപ്പെട്ടാൽ പ്രസ്തുത ഫിറ്റിംഗ്സുകൾ ഇലക്ട്രിക് പോസ്റ്റുകളിൽ നിന്നും നീക്കം ചെയ്യേണ്ടിവരികയും ചെയ്യും. തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ വൈദ്യുതി ചാർജിൽ ഇരട്ടിപ്പിനുള്ള സാദ്ധ്യത നിലനിൽക്കുകയും ചെയ്യുന്നു. അപാകതകൾ പരിശോധിച്ച് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 അപകടകരമായി നിന്ന തടി വെട്ട്- ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച്ട്ടില്ല

ഗ്രാമ പഞ്ചായത്തിലെ രണ്ടാം വാർഡിൽ ശ്രീമതി. മോളിക്കുട്ടി സെബാസ്റ്റ്യൻ, രാമപുരത്ത് എന്നയാളുടെ വീടിന് ഭീഷണിയായി തോട്ടുപുറമ്പോക്കിൽ നിന്നിരുന്ന ആഞ്ഞിലിമരം വെട്ടിമാറ്റിയതിന് വൗച്ചർ നമ്പർ 21900927/31.03.20 പ്രകാരം Rs. 5000/- ശ്രീ. പ്രിൻസ് ചാക്കോ പനന്തോട്ടത്തിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. സെക്രട്ടറിയുടെ എ8-3515/19/ 16.10.19 നമ്പർ ഉത്തരവ് പ്രകാരം വെട്ടിമാറ്റിയ മരം വെട്ടിമാറ്റിയ സ്ഥലത്തുതന്നെ സൂക്ഷിക്കുന്നതിന് ശ്രീമതി. മോളിക്കുട്ടി സെബാസ്റ്റ്യനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വെട്ടിമാറ്റിയ തടി നാളിതുവരെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

## 1-28 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായി വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് വിവരങ്ങൾ | ഒടുക്കിയതുക ഫണ്ടിനം | തുക ഒടുക്കിയ സ്ഥാപനം | ബിൽ നമ്പര |
|---|---|---|---|---|
| 1 | 58/20- പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 407784 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല.സെക്ഷൻ ഭരണങ്ങാനം ഇല.സെക്ഷൻ ഈരാറ്റുപേട്ട | 96500/ 17/8.11.19 U.C 311284/24/25.11.19 |
| 2 | 158/20 | 63122 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഇല.സെക്ഷൻ ഭരണങ്ങാനം ഇല.സെക്ഷൻ ഈരാറ്റുപേട്ട | 38000/18/12.11.19 12508/34/22.2.20 12614/47/31.3.20 |
| 3 | 167/20 | 220000 ധനകാര്യ കമ്മീഷൻ | ഗ്രൗണ്ട്വാട്ടർ ഡിപ്പാർട്ട്മെന്റ് | 19/21.01.20 |

| | | | | |
|---|---|---|---|---|
| | | ഗ്രാന്റ് | | |
| | | 690906 | | 594406 |

വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ 594406രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ലൈഫ് ഭവനപദ്ധതി ദീർഘകാലമായി പൂർത്തീകരിക്കാത്തത്

ലൈഫ് ഭവന പദ്ധതി സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട രണ്ട് ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ വിവരം | കരാർ ചമച്ച തീയതി | കൈപ്പറ്റിയ തുകയുടെ വിവരം |
|---|---|---|
| ജോസ് ദേവസ്യ മൈലാടിയിൽ, വാർഡ് 10 | 08.02.19 | 40000/ 28.03.19 |
| മനുജകുമാരി കുടക്കച്ചിറ , വാർഡ് -2 | 06.12.18 | 40000/ 19.12.18<br>160000/14.12.19 |

കരാർ ചമച്ച് തുക കൈപ്പറ്റി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളെക്കൊണ്ട് പണി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരവും, വീട് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതിയും ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

–

2-1 ഭാഗം 1 ൽ ഉൾപ്പെട്ടിട്ടുള്ള വരവ് സംബന്ധമായ പരാമർശങ്ങളിൽ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

## 3-1 സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം-കരാറുകാരന് അധികതുക നൽകി

പ്രോജക്റ്റ് നം : 80/2019-20

നിർവ്വഹണോദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ്.പ്ലാശനാൽ

ഫണ്ടിനം : വികസനഫണ്ട് (പൊതുവിഭാഗം)

പദ്ധതി ചെലവ് : ₹3,60,000/- (ബിൽ നം.1/19-20:₹75140/-തീ.26.8.2019; ബിൽ നം.2/19- 20: ₹44200/-തീ. 04.09.2019; ബിൽ നം.3/19-20: ₹44200/- തീ.9.10.2019; ബിൽ നം.4/19-20: ₹66300/-തീ.12.11.2019; ബിൽ നം.5/19-20: ₹53040/-തീ. 13.12.2019; ബിൽ നം.6/19- 20: ₹48620/-തീ. 14.1.2020; ബിൽ നം.7/19-20: ₹28500/- തീ. 27.1.2020)

ഗ്രാമ പഞ്ചായത്തിലെ നാല് ഗവ.എൽ.പി.സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (₹13/-) രേഖപ്പെടുത്തിയ ശ്രീ.ജോമോൻ ജോർജ്, മാത്തിശ്ശേരിൽ, കളത്തുക്കടവ് എന്നയാൾക്കാണ് പ്രഭാതഭക്ഷണം വിതരണം ചെയ്യുന്നതിന് കരാർ നൽകിയിരുന്നത്. 2019 ജൂലൈ മാസത്തിൽ 17 ദിവസം ഗ്രാമ പഞ്ചായത്തിലെ നാല് ഗവ.സ്കൂളുകളിലായി 340 കുട്ടികൾക്ക് പ്രഭാതഭക്ഷണം വിതരണം ചെയ്ത വകയിൽ ബിൽ നം.01 പ്രകാരം കരാറുകാരന് ₹ 75140/- നൽകിയിട്ടുണ്ട്. എന്നാൽ, ഫയൽ പരിശോധിച്ചതിൽ, വിവിധ സ്കൂൾ ഹെഡ് മാസ്റ്റർ/ ഹെഡ് മിസ്ട്രസ്സ് മാരുടെ

റിപ്പോർട്ട് പ്രകാരം 14 ദിവസങ്ങളിൽ മാത്രമാണ് ക്ലാസ്സുകൾ ഉണ്ടായിരുന്നതായും പ്രഭാത ഭക്ഷണം വിതരണം ചെയ്തിട്ടുള്ളതായും കാണുന്നത്. കരാറുകാരന് 3 ദിവസത്തെ പ്രഭാത ഭക്ഷണത്തിന് ₹ 13260/-അധികമായി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം.1/തീ. 23.06.2021) ന് മറുപടി ലഭ്യമായിട്ടില്ല. അധികമായി ചെലവഴിച്ച തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കേണ്ടതാണ്.

## 3-2 ജലസേചനത്തിന് പമ്പ് സെറ്റ് നൽകൽ- സബ്സിഡി മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യം അനുവദിച്ചു

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 41875/രൂപ പിൻവലിച്ച് 6 ഗുണഭോക്താക്കൾക്കായി ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. . പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 34/20 |
| ഫണ്ടിനം | വികസനഫണ്ട് പൊതുവിഭാഗം |
| ബിൽ നമ്പർ തീയതി | 2/19-20/ 16.12.19/ 26254/രൂപ |
| | 99/19-20/ 4.12.19/ 15621/രൂപ |

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ. തീയതി 14.02.18 പ്രകാരം ചെറുകിട നാമമാത്ര കർഷകർക്ക് പുതിയ ജലസേചന പമ്പ് സെറ്റ് അക്സസറീസ് ഉൾപ്പടെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 50% പരമാവധി 10000/ രൂപ വരെ സബ്സിഡി നൽകാവുന്നതാണ്. സബ്സിഡി മാർഗരേഖ ഖ- 2-12 പ്രകാരം നാമമാത്ര കർഷകർ ഒരു ഹെക്ടർ ( രണ്ടര ഏക്കർ) ഭൂമി /നിലം ഉള്ളവരും, ചെറുകിട കർഷകർ രണ്ട് ഹെക്ടർ ( അഞ്ച് ഏക്കർ) ഭൂമി /നിലം ഉള്ളവരും എന്ന് നിർവചിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ചെറുകിട നാമ മാത്ര കർഷകരുടെ പരിധിയിൽ വരാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

1) ജോസഫ് മാത്യു, വാഴാംപ്ലാക്കൽ എന്നയാൾ സബ്സിഡി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ 5.5 ഏക്കർ സ്ഥലം കൈവശമുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടിയാൾക്ക് സബ്സിഡി ഇനത്തിൽ 9369/ രൂപ നൽകിയിട്ടുണ്ട്.

2) ഫിലിപ്പ് കെ.എം, ചേറ്റുകുളം എന്നയാൾ അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ള കരംകെട്ടിയ രസീത് പ്രകാരം 2 ഹെക്ടർ 24 ആർ സ്ഥലംസ്വന്തമായിട്ടുണ്ട്. ടിയാൾക്ക് സബ്സിഡി ഇനത്തിൽ 5084/ രൂപ നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ള പരിധിയിൽ വരാത്തഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/23.06.21 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നും ആനുകൂല്യമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നൽകിയ14453/ (9369+ 5084) രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 തേനീച്ച വളർത്തൽ പ്രോജക്ട് സംബന്ധിച്ച്

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് പ്രകാരം വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 30000/രൂപയും ഗുണഭോക്തൃ വിഹിതം 20000/രൂപയും ഉൾപ്പടെ ചെലവഴിച്ച് ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട്. ഒരുസെറ്റ് തേനീച്ചയും, കൂടും അനുബന്ധ സാധനങ്ങളും ഉൾപ്പെടുന്ന യൂണിറ്റിന് 2000/ രൂപയാണ് വില. ഇതിൽ 1200/രൂപ വികസനഫണ്ടും, 800/രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പ്രോജക്ട് വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 33/20 |
| ഫണ്ടിനം/ | വികസനഫണ്ട് പൊതുവിഭാഗം 30000/രൂപ |
| | ഗുണഭോക്തൃ വിഹിതം20000/ |
| | |

| | |
|---|---|
| ബിൽ നമ്പർ തീയതി | 4/19-20/ 27.02.20 |

സബ്സിഡി മാർഗരേഖ സ.ഉ.(കൈ) നം 22/18/ത.സ്വ.ഭ.വ. തീയതി 14.02.18 പ്രകാരം കാർഷിക മേഖലയിൽ സബ്സിഡി നൽകാവുന്നത് ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമാണ്. സബ്സിഡി മാർഗരേഖ ഖ- 2-12 പ്രകാരം നാമമാത്ര കർഷകർ ഒരു ഹെക്ടർ ( രണ്ടര ഏക്കർ) ഭൂമി /നിലം ഉള്ളവരും, ചെറുകിട കർഷകർ രണ്ട് ഹെക്ടർ ( അഞ്ച് ഏക്കർ) ഭൂമി /നിലം ഉള്ളവരും എന്ന് നിർവചിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചെറുകിട നാമ മാത്ര കർഷകരുടെ പരിധിയിൽ വരാത്തവർക്കും ആനുകൂല്യം നൽകിയതായി കാണുന്നു.. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

ജോസഫ് മാത്യു, വാഴാംപ്ലാക്കൽ എന്നയാൾ സബ്സിഡി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ 5.5 ഏക്കർ സ്ഥലം കൈവശമുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടിയാൾക്ക് ഒരുസെറ്റ് തേനീച്ചയും, കൂടും അനുബന്ധ സാധനങ്ങളും നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ 1200/ രൂപ നൽകിയിട്ടുണ്ട്.സബ്സിഡി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ള പരിധിയിൽ വരാത്തഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/23.06.2021 ന് ലഭ്യമാക്കിയ മറുപടിയിൽ അപാകത ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നും തുക തിരികെ ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. സബ്സിഡി ഇനത്തിൽ നൽകിയ 1200/ രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിൻെറ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 22.01.2020, 15.03.2020 | 100000 | 97/20, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 25.01.2020 | 100000 | 73/20, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 30.10.2019 | 12945 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 0 | 12945 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 31.01.2020 | 440000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 440000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 20.02.2020 | 40000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 40000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 20.02.2020 | 360000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 360000 | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഈരാറ്റുപേട്ട | 30.10.2019 | 100213 | 99/20, ലൈഫ് ഭവന പദ്ധതി - എസ് സി പി | 0 | 100213 |
| ജില്ലാ | 18.10.2019 | 100000 | 73/20, | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത്, കോട്ടയം | | | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 30.11.2019 | 400000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 400000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 27.12.2019 | 300000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 300000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 27.12.2019 | 80000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 80000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 13.01.2020 | 100000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 100000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 12.02.2020 | 380000 | 93/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 380000 | 0 |
| | ആകെ | 2513158 | | 2400000 | 113158 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ ഭരണങ്ങാനം | 58/20, പഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | ബിൽ നം. 17/2019-20 08.11.2019 | 96500 | 96500 | 0 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട | 58/20, പഞ്ചായത്ത് വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ | ബിൽ നം. 24/2019-20 25.11.2019 | 311284 | 0 | *311284 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട | 57/20, സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങലും സ്ഥാപിക്കലും | ചെക്ക് നം. 21900676 05.12.2019 | 10605 | 0 | *10605 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ ഭരണങ്ങാനം | 158/20, സ്ട്രീറ്റ് മെയിൻ വലിച്ച സ്ഥലങ്ങളിൽ മീറ്റർ സ്ഥാപിക്കൽ | ബിൽ നം. 18/2019-20 12.11.2019 | 38000 | 0 | *38000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട | 158/20, സ്ട്രീറ്റ് മെയിൻ വലിച്ച സ്ഥലങ്ങളിൽ മീറ്റർ സ്ഥാപിക്കൽ | ബിൽ നം. 34/2019-20 22.02.2020 | 12508 | 0 | *12508 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇലക്ട്രിക്കൽ സെക്ഷൻ ഈരാറ്റുപേട്ട | 158/20, സ്ട്രീറ്റ് മെയിൻ വലിച്ച സ്ഥലങ്ങളിൽ മീറ്റർ സ്ഥാപിക്കൽ | ബിൽ നം. 47/2019-20 31.03.2020 | 12614 | 0 | *12614 |
| ഭൂജല വകുപ്പ് | 167/2019-20 മൂന്നാം വാർഡിൽ വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം | ബിൽ നം. 19/2019-20 21.01.2020 | 220000 | 0 | *220000 |
| | *വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2439629/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) | 70600000 + 2439629 | 9499629 | 735294 | - | 8764335 |

| | | | | | | |
|---|---|---|---|---|---|---|
| | 100/2018, 30.07.2018 | = 9499629 | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 58390 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 1791 |
| ആകെ | 60181 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 60181 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ | 60181 |
| ആകെ | 60181 |

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്-സർചാർജ് നടപടികൾ വഴി ഈടാക്കിയ തുകയുടെ വിവരം

ചാർജ്-സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | : | 47828629.72 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 37428930.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 28913 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 770362 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 13260 | കെ വി സജിമോൻ, ഹെഡ്മാസ്റ്റർ, ഗവ. എൽ പി എസ്, പ്ലാശനാൽ |
| | | | |

| | | | |
|---|---|---|---|
| 3-2 | | 14453 | മഞ്ജുദേവി വി ആർ, കൃഷി ഓഫീസർ, തലപ്പലം ഗ്രാമ പഞ്ചായത്ത് |
| 3-3 | | 1200 | മഞ്ജുദേവി വി ആർ, കൃഷി ഓഫീസർ, തലപ്പലം ഗ്രാമ പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 175956 | പത്മകുമാർ പി.ജി, വി.ഇ.ഒ |
| 1-28 | 594406 | പി എസ് ഷീജ സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗ പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ വി സജിമോൻ, ഹെഡ്മാസ്റ്റർ | വിരമിച്ചു | ആനന്ദഭവൻ<br>ഭരണങ്ങാനം പി.ഒ<br>കോട്ടയം<br>ജില്ല-686578 |
| മഞ്ജുദേവി വി ആർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, തലപ്പലം ഗ്രാമ പഞ്ചായത്ത് | കുഴിവേലിൽ<br>കണ്ണാടിയുറുമ്പ്<br>പാലാ പി.ഒ<br>കോട്ടയം<br>ജില്ല-686575 |
| പത്മകുമാർ പി.ജി, വി.ഇ.ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, തലപ്പലം ഗ്രാമ പഞ്ചായത്ത് | പുഷ്പ വിലാസം<br>ഓരുങ്കൽതടം<br>കുറവാമൊഴി പി.ഒ<br>കോട്ടയംജില്ല-686509 |
| പി എസ് ഷീജ സെക്രട്ടറി | സെക്രട്ടറി,തലപ്പലം ഗ്രാമ പഞ്ചായത്ത് | ശ്രീപത്മം<br>ഉച്ചക്കട<br>വെങ്ങാനൂർ പി.ഒ<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും നടത്തിയ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 ചെലവ് | എൽ.എഫ്.കെ.പി.2-196/98<br>തീ. 17.06.2000/04.07.2000 | - |
| 2000- | എൽ.എഫ്.കെ.പി.2-257/അദാ./14(2) | 2 |

| | | |
|---|---|---|
| 01, 2001-02 (പ്ലാൻ) | തീ.08.01.15 | |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി.7/925/04/04.03.05 | - |
| 2002-03 വരവ് | എൽ.എഫ്.കെ.പി.3/1087/07/25.09.08 | - |
| 2004-05 | എൽ.എഫ്.കെ.പി.2-1252(എ)/2014(2) തീ.01.08.15 | 4 |
| 2005-06 | എൽ.എഫ്.കെ.പി.2-1252(എ)14(3), 07.08.15 | 2 |
| 2006-07 | എൽ.എഫ്.കെ.പി.2-1252(എ)2014(4), 06.08.15 | 1 |
| 2007-08 | എൽ.എഫ്.കെ.പി.2-338/15, 06.07.15 | 5 |
| 2008-09 | എൽ.എഫ്.കെ.പി.2-374/15, 28.05.15 | 2 |
| 2009-10 | എൽ.എഫ്.കെ.പി.2-375/15, 06.07.15 | 2 |
| 2010-11, 2011-12 | എൽ.എഫ്.കെ.പി.2-339/15, 06.07.15 | 7 |
| 2012-13, 2013-14 | എൽ.എഫ്.കെ.പി.2-1562/15, 06.02.16 | 21 |
| 2014-15 | കെ.എസ്.എ-കെ.ടി.എം. പി.2-1824/2016, 10.01.2018 | 19 |
| 2015-16 | കെ.എസ്.എ-കെ.ടി.എം. പി.2-318/17, 25.3.2017 | |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി.14-1924/2017, തീയതി 23.2.2018 | |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി.14-223/19, തീയതി 21.06.2019 | 17 |
| 2018-19 | കെ.എസ്.എ-കെ.ടി.എം. പി.14-1870/19, തീയതി 27.05.2020 | 29 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലപ്പാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലപ്പാലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്